ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 01.02.2026

## പ്രധാനവാർത്തകൾ

1. വളർച്ച, ജനപങ്കാളിത്തം,വികസനം എന്നിവയിലൂന്നി ധനമന്ത്രി നിർമല സീതാരാമാന്റെ യുവശക്തി ബജറ്റ്; അടിസ്ഥാന സൗകര്യ വികസനത്തിന് 12.2 ലക്ഷം കോടി; ധനക്കമ്മി 4.5 ശതമാനമായി കുറയ്ക്കും;
2. ഇന്ത്യ 2.0 സെമികണ്ടക്ടർ ദൗത്യത്തിന് നാൽപത്തിനായിരം കോടി;
   എഐ പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതി; ഡാറ്റാ സെന്റർ കമ്പനികൾക്ക് 2047 വരെ നികുതിയിളവ്; 200 പഴയ വ്യവസായ ശാലകൾ പുനരുജ്ജീവിപ്പിക്കാൻ പ്രത്യേക പദ്ധതി .
3. ബയോ ഫാർമ ഉത്പാദന പദ്ധതിയ്ക്ക് പതിനായിരം കോടി വകയിരുത്തി; പ്രമേഹം, കാൻസർ അടക്കമുള്ള മരുന്നുകളുടെ തീരുവ ഒഴിവാക്കി; എല്ലാ ജില്ലകളിലും വിദ്യാർത്ഥിനികൾക്കായി ഹോസ്റ്റൽ സ്ഥാപിക്കും; വനിതാ ശാക്തീകരണത്തിനായി ഷീ മാർട്ടുകൾ.
4. കേരളം അടക്കം നാല് സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് പുതിയ ധാതു ഇടനാഴി; തെങ്ങുകൃഷി പരിപോഷിപ്പിക്കാൻ നാളികേര വികസന പദ്ധതി; കർഷകർക്കായി **AI** വിസ്താർ.

RNU TVPM

5. **ഏപ്രിൽ ഒന്ന് മുതൽ പുതിയ ആദായ നികുതി നിയമം നടപ്പാക്കും; വാഹനാപകട നഷ്ടപരിഹാര തുകയ്ക്ക് നികുതി ഒഴിവാക്കി; വിദേശയാത്ര നികുതി 2 ശതമാനമാക്കി കുറച്ചു.**
6. **മൂന്ന് ദിവസത്തെ ഇടവേളയ്ക്ക് ശേഷം കേരള നിയമസഭാ സമ്മേളനം നാളെ പുനരാരംഭിക്കും.**

**&&&&&&&&&&&&&&**

<u>ബജറ്റ് - ജനറൽ (ഇൻട്രോ)</u>

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചു. ഇത് യുവശക്തി ബജറ്റാണെന്നും, വളർച്ചക്ക് ഊന്നൽ, ജനപങ്കാളിത്തം, എല്ലാവർക്കും വികസനം എന്നീ മൂന്ന് നയങ്ങളിലൂന്നിയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും ബജറ്റവതരണത്തിൽ തുടക്കമിട്ടു കൊണ്ട് ധനമന്ത്രി പറഞ്ഞു.

(വോയ്സ്)

അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വകയിരുത്തൽ 12.2 ലക്ഷം കോടിയാക്കി ഉയർത്തും. ധനക്കമ്മി 4.5 ശതമാനമായി കുറയ്ക്കും.

**&&&&&&&&&&&&&&**

<u>അതിവേഗ റെയിൽ (ഇൻട്രോ)</u>

പുതുതായി 7 അതിവേഗ റെയിൽ ഇടനാഴികളും 20 പുതിയ ദേശീയ ജലപാതകളും ബജറ്റിൽ പ്രഖ്യാപിച്ചു.
വിശദാംശങ്ങളിലേക്ക്...
(വോയ്സ്)

<u>അതിവേഗ റെയിൽ (വോയ്സ്)</u>

ടെക്സ്റ്റൈൽസ് മേഖലയുടെ ഉന്നമനത്തിനായി സമർഥ് 2.0 പദ്ധതി നടപ്പാക്കും. ഇന്ത്യ 2.0 സെമികണ്ടക്ടർ ദൗത്യത്തിന് 40000 കോടി വകയിരുത്തി. ഡാറ്റാ സെന്റർ കമ്പനികൾക്ക് 2047 വരെ

RNUTVPM

ടാക്സ് ഹോളിഡേ അനുവദിക്കും. ബയോ ഫാർമ ഉത്പാദന പദ്ധതിയ്ക്ക് 10000 കോടി വകയിരുത്തി. കണ്ടെയ്നർ നിർമ്മാണത്തിന് 10000 കോടിയും ചെറുകിടപദ്ധതികൾക്ക് 20000 കോടി രൂപയും അനുവദിച്ചു. അധിക വളർച്ച സാധ്യതയുള്ള കമ്പനികൾക്ക് 10,000 കോടി രൂപ നൽകും. സ്പോർട്സ് ഉപകരണ നിർമാണത്തിനും ഗവേഷണത്തിനും പദ്ധതി നടപ്പാക്കുമെന്നും ധനമന്ത്രി അറിയിച്ചു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വളർച്ച ലക്ഷ്യമിട്ടുള്ളതാണ് ബഡ്ജറ്റ്. 200 പഴയ വ്യവസായ ശാലകൾ പുനരുജ്ജീവിപ്പിക്കാൻ ഒരു പദ്ധതി സർക്കാർ ആരംഭിക്കും. ബജറ്റ് വ്യാപാര ധനകാര്യ ശൃംഖലയെയും ശക്തിപ്പെടുത്തുന്നു. വിവരങ്ങൾ പങ്കുവെക്കുന്നതിനായി ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസിനെ ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റവുമായി ബന്ധിപ്പിക്കും.
ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&

RNU TVPM

<u>ബജറ്റ് - കേരളം (ഇൻട്രോ)</u>

സംസ്ഥാനങ്ങൾക്ക് 1.4 ലക്ഷം കോടി രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റായി ലഭിക്കും. കേരളമടക്കം നാല് സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് പുതിയ ധാതു ഇടനാഴി സ്ഥാപിക്കും.
(ഇടനാഴി ബൈറ്റ്)
കടലാമ പരിചരണത്തിന് കേരളത്തിലും കർണ്ണാടത്തിലും പ്രത്യേക കേന്ദ്രം സ്ഥാപിക്കും. നാളികേര ഉത്പാദന വർധനവിന് പ്രത്യേക പദ്ധതി പ്രഖ്യാപിച്ചു. തെങ്ങുകൃഷി പരിപോഷിപ്പിക്കാൻ നാളികേര വികസന പദ്ധതി കൊണ്ടുവരും. നാളികേരം , ചന്ദനം , കശുവണ്ടി വിളകൾ എന്നിവയ്ക്ക് പിന്തുണ നൽകും.

&&&&&&&&&&&&&&

## ബജറ്റ് - നികുതി (ഇൻട്രോ)

2026 ഏപ്രിൽ മുതൽ പുതിയ ആദായ നികുതി നിയമം രാജ്യത്ത് നിലവിൽ വരും. ടാക്സ് നിയമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ നിയമം നിലവിൽ വരുന്നത്.
വിശദാംശങ്ങളിലേക്ക്..... (വോയ്സ്)

## ബജറ്റ് - നികുതി (വോയ്സ്)

ആദായ നികുതി സ്ലാബുകളിൽ മാറ്റമില്ലെന്ന് നിർമല സീതാരാമൻ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി.പുതുതായി നിലവിൽ വരുന്ന നിയമം ആദായ നികുതി ഫയലിങ് ആയാസരഹിതമാക്കും. വരുമാനത്തെ കുറച്ച് തെറ്റായ വിവരങ്ങൾ നൽകിയാൽ കടുത്ത ശിക്ഷയാണ് പുതിയ നിയമത്തിൽ പറയുന്നത്. വിദേശ സ്വത്ത് വെളിപ്പെടുത്താൻ 6 മാസമാണ് സമയം അനുവദിച്ചിട്ടുള്ളത്. ചെറിയ നികുതി വെട്ടിപ്പുകൾക്ക് പിഴ മാത്രമാണ് ശിക്ഷ. ജൂലൈ 31വരെ ടാക്സ് റിട്ടേണുകൾ സമർപ്പിക്കും. പരിശോധക്ക് ശേഷവും റിട്ടേൺ വിവരങ്ങൾ പുതുക്കാം. വാഹനാപകട നഷ്ടപരിഹാര തുകയ്ക്ക് ഇനി മുതൽ നികുതി ഉണ്ടായിരിക്കില്ല. അതേസമയം, വാഹനാപകട ഇൻഷുറൻസ് ആദായനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വിദേശ ഇന്ത്യക്കാരുടെ സ്ഥാവര വസ്തുക്കളുടെ കൈമാറ്റത്തിന് നികുതി കുറയ്ക്കും. വിദേശയാത്രയുടെ ടിസിഎസ് 5ൽ നിന്ന് 2 ശതമാനമാക്കി. മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള ടിസിഎസും 5ൽ നിന്ന് 2 ശതമാനമാക്കി.
ന്യൂസ് ഡെസ്ക് ആകാശവാണി.....

RNUTVPM

&&&&&&&&&&&&&&

## ബജറ്റ് - വരവ് ചെലവ്

2026-27 വർഷത്തെ മൊത്തം ചിലവ് 53.5 ലക്ഷം കോടി രൂപയാകുമെന്നാണ് കണക്ക്. ധനക്കമ്മി നേരിടുന്നതിനായി ഡേറ്റഡ് സെക്യൂരിറ്റികളിൽ നിന്നും 11.7 ലക്ഷം കോടി രൂപ കണ്ടെത്തും.

&&&&&&&&&&&&&&

## ബജറ്റ് - ആരോഗ്യം (ഇൻട്രോ)

ഇന്ത്യയുടെ ആരോഗ്യ പരിസ്ഥിതി കാൻസർ, പ്രമേഹം പോലുള്ള സാംക്രമികേതര രോഗങ്ങളിലേക്ക് മാറുന്നുവെന്ന് ധനമന്ത്രി പറഞ്ഞു. 17 കാൻസർ മരുന്നുകൾക്ക് കസ്റ്റംസ് തീരുവ ഒഴിവാക്കി. ഇതോടെ കാൻസർ മരുന്നുകളുടെ വില കുറയും.

ഒരു റിപ്പോർട്ട്...... (വോയ്സ്)

## ബജറ്റ് - ആരോഗ്യം (വോയ്സ്)

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ബയോഫാർമ മേഖലയ്ക്കായി 10,000 കോടി രൂപ ബജറ്റിൽ അനുവദിച്ചതായി ധനമന്ത്രി പറഞ്ഞു.'ബയോ ഫാർമ ശക്തി' എന്ന പദ്ധതിയുടെ കീഴിൽ ഈ മേഖലയെ വികസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 1,000 അംഗീകൃത ക്ലിനിക്കൽ ട്രയൽ കേന്ദ്രങ്ങൾ ഉൾപ്പെടുന്ന ഒരു ദേശീയ ശൃംഖല സ്ഥാപിക്കും. ഇത് മരുന്നുകളുടെ വികസനംത്വരിതപ്പെടുത്തും. എല്ലാ ജില്ലകളിലും വിദ്യാർത്ഥിനികൾക്കായി ഹോസ്റ്റൽ സ്ഥാപിക്കും. വനിതാ ശാക്തീകരണത്തിനായി ഷീ മാർട്ടുകൾ നടപ്പാക്കും. മൂന്ന് പുതിയ അഖിലേന്ത്യ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് തുക വകയിരുത്തി. 5 സർവകലാശാല ടൗൺഷിപ്പുകൾ സ്ഥാപിക്കും. 5000 സെക്കൻഡറി സ്കൂളുകളിലും 500 കോളേജുകളിലും AVGC കണ്ടന്റ് ക്രിയേറ്റർ ലാബുകൾ വരും. കർഷകർക്കായി എഐ, ഭാരത് വിസ്താർ സ്ഥാപിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി....

RNU TVPM

&&&&&&&&&&&&&&

## ഓഹരി + സ്വർണ്ണം

ഓഹരി വിപണികൾ നഷ്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 994 പോയിന്റ് താഴ്ന്ന് 81,571 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 343 പോയിന്റ് ഇടിഞ്ഞ് 25,075 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവിലയിൽ മാറ്റമില്ല.

&&&&&&&&&&&&&&

## കെ.എൻ ബാലഗോപാൽ

ബജറ്റ് നിരാശജനകമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. ധാതു, ഇടനാഴി മാത്രമാണ് ലഭിച്ചത്. AIMS ഉം അതിവേഗ റെയിലും അടക്കമുള്ള പ്രഖ്യാപനങ്ങൾ ഇല്ലെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## ബജറ്റ് - പ്രതികരണം

കേന്ദ്രബജറ്റിൽ പ്രതികരണവുമായി ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. മുൻ വർഷങ്ങളിൽ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച ഒരു പദ്ധതിയും പൂർണമായി നടപ്പാക്കിയിട്ടില്ലെന്ന് അദ്ദേഹം ആരോപിച്ചു. പി എം ആവാസ് യോജന, ജലജീവൻ മിഷൻ, പി എം ആയുഷ്മാൻ പദ്ധതികൾക്ക് തുക വകയിരുത്തിയപ്പോൾ പദ്ധതി നിർവ്വഹണം നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്നും അദ്ദേഹം ആരാഞ്ഞു.

&&&&&&&&&&&&&&

RNU TVPM

## ആകാശവാണി പ്രത്യേക ചർച്ച

കേന്ദ്ര ബജറ്റിനെക്കുറിച്ച് ആകാശവാണി ഇന്ന് പ്രത്യേക ചർച്ച പ്രക്ഷേപണം ചെയ്യുന്നു. രാത്രി 10:30 വരെയായിരിക്കും ചർച്ച. പ്രമുഖ സാമ്പത്തിക വിദഗ്ധരും വിപണി വിദഗ്ധരും പങ്കെടുന്നു. ബജറ്റിനെ കുറിച്ച് തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി ഉച്ചയ്ക്ക് 2.45 ന് കേൾക്കാം. ഇന്ന് രാത്രി 11 മണിക്ക് പരിപാടിയുടെ പുനപ്രക്ഷേപണവും ഉണ്ടായിരിക്കും.

ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങളെ കുറിച്ച് തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി ഇന്ന് വൈകിട്ട് 5 മണിക്ക് കേൾക്കാം. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഡെപ്യൂട്ടി ഡയറക്ടർ, ഡോ.അരുൺ ശ്യാംനാഥ് സംസാരിക്കും.

&&&&&&&&&&&&&&

## <u>നിയമസഭ</u>

3 ദിവസത്തെ ഇടവേളയ്ക്ക് ശേഷം 15-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം നാളെ പുനരാരംഭിക്കും. നാളെ മുതൽ ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ചയാണ്. ഈ മാസം 4 വരെയാണ് ചർച്ച.

&&&&&&&&&&&&&&

## <u>പി.എം. - പഞ്ചാബ് സന്ദർശനം</u>

ഗുരു രവിദാസിൻറെ 649-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പഞ്ചാബ് സന്ദർശിക്കും. പഞ്ചാബിലെത്തുന്ന പ്രധാനമന്ത്രി, ആദംപൂർ വിമാനത്താവളത്തിന് ശ്രീ ഗുരു രവിദാസ് ജി വിമാനത്താവളം എന്ന പുതിയ പേര് നൽകും. ജന്മവാർഷികത്തോട് അനുബന്ധിച്ച് നടക്കുന്ന പൊതുപരിപാടിയിലും അദ്ദേഹം പങ്കെടുക്കും. സമത്വം, കാരുണ്യം, മാനുഷികമൂല്യം എന്നീ ആശയങ്ങൾ പ്രചരിപ്പിച്ച സാമൂഹിക പരിഷ്കർത്താവിനെ ആദരിക്കുകയാണ് വിമാനത്താവളത്തിൻറെ പുനർനാമകരണത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ലുധിയാനയിലെ ഹൽവാര വിമാനത്താവളത്തിലെ പുതിയ ടെർമിനലും ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ജലന്ധറിൽ ദേര സച്ച്ഖണ്ഡ് ബല്ലനിൽ സന്ദർശനം നടത്തുന്ന പ്രധാനമന്ത്രി ഗുരു രവിദാസിൻറെ ജന്മവാർഷികത്തോട് അനുബന്ധിച്ച് നടക്കുന്ന പൊതുപരിപാടിയിലും പങ്കെടുക്കും.

&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&&

RNU TVPM